Talented Bankers Literary Panel
പുസ്തക പരിചയം 178

മിഥുൻദാസ് കെ എച്ച്
കനറാ ബാങ്ക്
വെസ്റ്റ് പാലസ് റോഡ്, തൃശൂർ.

തൃക്കോട്ടൂർ പെരുമ
യു എ ഖാദർ

യക്ഷിയും മാടനും ഒടിയനുമൊക്കെ നിറഞ്ഞ പഴമ്പുരാണങ്ങൾ എന്നും ഒരു ഹരമാണ്. പൂർണചന്ദ്രൻ ഉദിക്കുന്ന രാത്രിയിൽ ഗർഭിണികളെ തട്ടിക്കൊണ്ട് പോയി എടുക്കുന്ന ഭ്രൂണശിശുക്കളെ സൂര്യപ്രകാശം കാണാതെ ഉണക്കിപ്പൊടിച്ച് ഒടിവിദ്യക്കുള്ള മരുന്ന് തയ്യാറാക്കുന്ന ഒടിയൻമാരുടെ കഥ ഡ്രിൽ മാഷാണ് പറഞ്ഞു തന്നത്. കാലങ്ങൾ കഴിഞ്ഞിട്ടും അതിൻ്റെ നടുക്കം വിട്ടുമാറിയിട്ടില്ല. പഴങ്കഥകൾ ഒരു ലഹരി പോലെയാണ്. മനസിൽ ഭയത്തിൻ്റെ വിത്തു പാകുമെങ്കിലും പിന്നെയും പിന്നെയും അത് തേടി പോകാനുള്ള ഒരു ത്വര അവശേഷിക്കുന്നുണ്ടെന്നതാണ് സത്യം. അത്തരമൊരു അന്വേഷണം ചെന്നെത്തിയത് തുക്കോട്ടൂരാണ്. തൃക്കോട്ടൂർ കഥകൾ, തൃക്കോട്ടൂർ നോവെല്ലകൾ എന്നിവക്ക് ശേഷമാണ് തൃക്കോട്ടൂർ പെരുമയിലേക്കെത്തുന്നത്.

കേരള / കേന്ദ്ര സാഹിത്യ അക്കാദമി പുരസ്കാര ജേതാവായിരുന്ന യു എ ഖാദറിൻ്റെ ചരിത്രഗാഥയാണ് തൃക്കോട്ടൂർ പെരുമ. വടക്കൻ മലബാറിലെ തൃക്കോട്ടൂരെന്ന ദേശത്തെ തൻ്റെ തൂലികയിൽ ആവാഹിച്ചിരുത്തി സൃഷ്ടിച്ച മികച്ച ഒരു വാങ്മയ ചിത്രം. നാല് ഭാഗങ്ങളിലായി ആകെ പതിനൊന്ന് കഥകൾ. നോവൽ എന്നാണ് മുഖപത്രത്തിൽ പറയുന്നതെങ്കിലും ചെറുകഥകളായാണ് തോന്നിയത്. ഒരു ആന്തോളജി സിനിമ പോലെ പതിനൊന്ന് കഥകളിലും തൃക്കോട്ടോരുണ്ടെന്ന് മാത്രം. നാടൻ പാട്ടിൻ്റെയും നാട്ടുവർത്തമാനത്തിൻ്റെയും ശൈലികൾ കൂട്ടിയിണക്കി കൊണ്ട് ഒരു അപൂർവമായ നാടോടി ഇതിഹാസം ഇതിന് മുമ്പ് കണ്ടിട്ടില്ല.

രാത്രി പത്തിന് ശേഷം മനസിനെ തൃക്കോട്ടൂരിലെ വഴികളിൽ അലയാൻ വിട്ട് വായന തുടങ്ങിയാൽ മനസിൻ്റെ കൊട്ടക ശിലയിൽ മാടത്തുമ്മൽ തറവാടും തൃക്കോട്ടൂരങ്ങാടിയും തട്ടാൻ ഇട്ടേമ്പിയെയും ചായക്കടക്കാരൻ കണാരനെയും ചാത്തുക്കുട്ടി ദൈവത്തെയും തെളിഞ്ഞുകാണാം. നിശബ്ദയാമത്തിൽ ആവശ്യമുള്ളിടത്തെല്ലാം ഹൃദയമിടിപ്പ പശ്ചാത്തല സംഗീതമായി വരുന്നത് ഗംഭീര അനുഭവമാണ്.

ഡി സി ബുക്ക്സ്
വില - ₹240